വസ്തുകരം പുതുക്കുന്നതിനുള്ള നടപടി

36 [5673] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വസ്തുകരം ഇനത്തിൽ എന്തുതുക പിരിഞ്ഞു കിട്ടി എന്ന് വെളിപ്പെടുത്തുമോ;

(ബി) വസ്തുവിന്റെ കരം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വസ്തുകരം ഇനത്തിൽ പിരിഞ്ഞു കിട്ടുവാനുള്ള തുകയിൽ എത്ര കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) വസ്തുവിനെ തരംതിരിച്ച് കൂടുതൽ വരുമാനമുള്ള വസ്തുക്കളിൽ നിന്നും നിലവിലുള്ളതിനേക്കാൾ അധിക തുക കരമായി ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വസ്തുകരം ഇനത്തിൽ 2003 ജൂൺമാസം വരെ മൊത്തം 4979.76 ലക്ഷം രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) നിലവിലുള്ള ഭൂനികുതി നിരക്ക് ഏകീകരിച്ച് സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങൾക്കും ഒരേ നിരക്കിലുള്ള ഭൂനികുതി ഏർപ്പെടുത്തുവാനുള്ള ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വസ്തുകരം ഇനത്തിൽ 30-6-2003 വരെയുള്ള കാലയളവിൽ 9.86 ലക്ഷം രൂപ കുടിശ്ശികയായി പിരിഞ്ഞുകിട്ടുവാനുണ്ട്.

(ഡി) ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല.

വില്ലേജ് ആഫീസ് ജീവനക്കാർക്ക് പരിശീലന പദ്ധതി

37 [5674] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ആഫീസുകളിൽ പുതുതായി നിയമനം ലഭിക്കുന്നവർക്ക് പരിശീലനം നൽകാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആയതിനായി റവന്യൂ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സേവനം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly